ഇതാണെങ്കിൽ നാളിൻപുറങ്ങളിലെ കാര്യം ആലോചിക്കാവുന്നതേയുള്ള. മേലാൽ ഇതു തുടരാതിരിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ബഹുമാനപ്പെട്ട മെമ്പർ ഒരു ജനറൽ സ്റ്റോറുമെൻറ് ഇതുസംബന്ധിച്ചു പുറപ്പെടുവിക്കുന്നതു ശരിയല്ല. ഏതെങ്കിലും അനാസ്ഥകൊണ്ടല്ല കുട്ടി മരിച്ചതു്. പരാതിക്കാരൻതന്നെ സമ്മതിച്ചിട്ടുണ്ടു്, ഡാക്ടർ വേണ്ടതുപോലെ ഈ കാര്യത്തിൽ ശ്രദ്ധപതിപ്പിച്ചിട്ടുണ്ടെന്നു്. വേണ്ട ശുശ്രൂഷകൾ നേഴ്സിൽ നിന്നു് കിട്ടിയില്ല എന്നാണു് പരാതി. നേഴ്സിന്റെ പെരുമാറ്റം അനാശാസ്യമായിരുന്നു എന്നും ആരോപണമുണ്ടായിട്ടുണ്ടു്. അതിനെസംബന്ധിച്ചാണു് വേണ്ട നടപടി സ്വീകരിച്ചിട്ടുള്ളതു്.

മീൻനെയ്ക്കുപകരം ഡെറോാം കുട്ടികൾക്കു വിതരണം ചെയ്ത സംഭവം

* 916. [57] ശ്രീമതി കെ. ആർ. സരസ്വതിഅമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കാർപ്പൊറേഷന്റെ കീഴിലുള്ള ഏതെങ്കിലും Child Welfare Centre-ൽ മീൻനെയ്ക്കുപകരം Dettol കുട്ടികൾക്കു വിതരണം ചെയ്തതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) തൽഫലമായി ഒരു കുട്ടി കുട്ടികൾ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുണ്ടു്;

(സി) ഇക്കാര്യത്തിൽ ഗവണ്മെൻറ് എന്തു നടപടി സ്വീകരിച്ചു;

(ഡി) ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന കുട്ടികളുടെ സ്ഥിതി എന്തായി;

(ഇ) മേലിൽ ഈദൃശമായ അശ്രദ്ധ ഒഴിവാക്കുവാൻ വേണ്ട നടപടികൾ പ്രസ്തുത സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും സ്വീകരിക്കുവാൻ ഗവണ്മെൻറ് തയ്യാറാകുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ, ബി) ഇല്ല. 2-11-63-ൽ നന്തൻകോട്ടു് ചൈൽഡ് വെൽഫെയർ സെൻററിൽ പന്ത്രണ്ടു് കുട്ടികൾക്കു് മീനെണ്ണ കൊടുത്തതിൽ ഒരു കുട്ടിക്കു് മീനെണ്ണ കൊടുത്തതിനെത്തുടർന്നു് ചർദ്ദിയുണ്ടായി. അതിനെത്തുടർന്നു് ഡെറോാം കൊടുത്തതുകൊണ്ടാണു് ചർദ്ദിയുണ്ടായതെന്നുള്ള ആരോപണം ഉണ്ടാകുകയും ചെയ്തു. വിവരങ്ങളറിഞ്ഞു് സ്ഥലം ഹെൽത്താഫീസർ സ്ഥലത്തുപോയി പരിശോധിക്കുകയും മീനെണ്ണ കൊടുത്ത പന്ത്രണ്ടുകുട്ടികളേയും ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. അവിടെ പരിശോധിച്ചതിൽനിന്നും ഡെറോാം കൊടുത്തിട്ടില്ലെന്നു് കണ്ടുപിടിച്ചിട്ടുണ്ടു്.

(സി) ഗവണ്മെൻറിൽനിന്നും എന്തെങ്കിലും നടപടികളും എടുക്കേണ്ട ആവശ്യം ഉണ്ടായില്ല.

(ഡി) പരിശോധനയുടെ ശേഷം കുട്ടികളെ അന്നേദിവസം 4 മണിക്കു് ആശുപത്രിയിൽനിന്നും തിരിച്ചയച്ചു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീമതി കെ. ആർ. സരസ്വതിഅമ്മ: കുട്ടികൾക്കു കൊടുത്ത മീനെണ്ണയിൽ ഡെറോാം ഉണ്ടായിരുന്നുവെന്നും, ആശുപത്രിയിൽ പ്രവേശിപ്പിച്ച കുട്ടികളുടെ ചുണ്ടു പൊള്ളുകയുണ്ടായെന്നും, പിറേറദിവസമാണു് ആശുപത്രിയിൽനിന്നും ഡിസ്ചാർജ്ജു് ചെയ്തതെന്നും അറിയുന്നതു് ശരിയാണോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: തിരുവനന്തപുരം കാർപ്പൊറേഷന്റെ കീഴിലുള്ള ഒരു ചൈൽഡ് വെൽഫെയർ സെൻററിലാണു് ഇതു സംഭവിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു കുട്ടി ചർദ്ദിച്ചപ്പോൾ ഡെറോൾ കൊടുത്തതാണെന്നു് ഒരു ആരോപണം ഉണ്ടായിരുന്നു. ആ സെൻററിൽ ആകെ ഒരു കുപ്പി ഡെറോൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അതു് ഈ സംഭവം നടക്കുന്നതിനു് ഒരു മണിക്കൂർ മുമ്പു് കുപ്പി പൊട്ടി അതുമുഴുവൻ നശിച്ചുപോയി. അതുകൊണ്ടു് ആ സെൻററിൽ മീനെണ്ണയുടെ പകരം ഡെറോൾ കൊടുത്തുവെന്ന സംശയിക്കേണ്ട ആവശ്യമില്ല. പരിശോധനയ്ക്കായി ജനറൽ ഹോസ്പിറലിൽ പ്രവേശിപ്പിച്ച പന്ത്രണ്ടു കുട്ടികളേയും അന്നേദിവസംതന്നെ അവിടെനിന്നും ഡിസ്ചാർജ്ജു് ചെയ്യുകയും ചെയ്തു.

ശ്രീ. എൻ. എസ്സു്. കൃഷ്ണപിള്ള: ഡെറോളല്ല മീനെണ്ണ തന്നെയാണു് കുട്ടികൾക്കു് കൊടുത്തിട്ടുള്ളതെന്നു് അന്വേഷണത്തിൽനിന്നു് തെളിഞ്ഞുവെന്നാണു് പറയുന്നതു്. പിന്നെ എന്തുകൊണ്ടാണു് മീനെണ്ണ കൊടുത്തതിന്റെ ഫലമായി ഒരു കുട്ടി ചർദ്ദിച്ചതെന്നും, ആ മീനെണ്ണയിൽ വല്ല വിഷവും ഉണ്ടായിരുന്നുവോയെന്നും ഗവണ്മെൻറിൽനിന്നും അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: പന്ത്രണ്ടു് കുട്ടികൾക്കു് മീനെണ്ണ കൊടുത്തതിൽ എല്ലാവരും ചർദ്ദിച്ചിട്ടില്ല, ഒരു കുട്ടിയേ ചർദ്ദിച്ചിട്ടുള്ളൂ. അങ്ങനെ ചർദ്ദിച്ചപ്പോൾ വളരെ ആളുകൾ അവിടെ കൂടുകയും ഡെറോൾ കൊടുത്തതുകൊണ്ടാണെന്നു് സംശയം പ്രകടിപ്പിക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണു് പന്ത്രണ്ടു കുട്ടികളേയും ഉടനെ ജനറൽ ഹാസ്പിറലിൽ പ്രവേശിപ്പിച്ചതു്. അവിടെവച്ചു് കുട്ടികളെ പരിശോധിച്ചതിൽ കുട്ടികളുടെ വയറ്റിൽ ഡെറോളോ മറ്റു യാതൊരു തരത്തിലുള്ള വിഷമോ ചെന്നിട്ടില്ലെന്നു് തെളിഞ്ഞിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: മീനെണ്ണ കൊടുത്തതിൽ ചർദ്ദിച്ച ഒരു കുട്ടിയെ സംബന്ധിച്ചു് എന്തെങ്കിലും പരീക്ഷണം നടത്തിയിട്ടുണ്ടോ? ഡെറോൾ കൊടുത്തതുകൊണ്ടല്ല ചർദ്ദിച്ചതെന്നുള്ള നിനെ സംബന്ധിച്ചു് വല്ല റിപ്പോർട്ടും ഗവണ്മെൻറിലേയ്ക്കു് കിട്ടിയിട്ടുണ്ടോ?

ശ്രീ.എം. പി. ഗോവിന്ദൻ നായർ: പ്രത്യേകിച്ചു് ഒരു റിപ്പോർട്ടും കിട്ടിയിട്ടില്ല. ജനറൽ ഹാസ്പിറലിലെ പരിശോധനയ്ക്കുശേഷം ഡെറോൾ കൊടുത്തിട്ടില്ലെന്നു് പറയുകയുണ്ടായി.

ശ്രീ. ഈ. പി. ഗോപാലൻ: ഡെറോൾ കൊടുത്തതുകൊണ്ടല്ല ചർദ്ദിച്ചതെന്നു പറഞ്ഞു. എന്നാൽ അവിടെ കുട്ടികൾക്കു കൊടുത്തിട്ടു് ബാക്കിയുണ്ടായിരുന്ന മീനെണ്ണ പരിശോധിച്ചുനോക്കിയോ? അങ്ങനെ പരിശോധിച്ചുനോക്കിയിട്ടുണ്ടെങ്കിൽ അതിൽ ഡെറോൾ ഇല്ലെന്നു് തെളിഞ്ഞിട്ടുണ്ടോ? അങ്ങനെ ഡെറോൾ ഇല്ലായിരുന്നുവെങ്കിൽ കുട്ടികളുടെ ചിറി പൊള്ളിയതു് എന്തുകൊണ്ടാണു്. വിതരണം ചെയ്ത മീനെണ്ണയിൽ ചിറി പൊള്ളുന്ന വല്ല സാധനവും ഉണ്ടായിരുന്നുവോ? ഇക്കാര്യങ്ങളെ സംബന്ധിച്ചു് ഗവണ്മെൻറു് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ? അന്വേഷണത്തിന്റെ ഫലം എന്താണു്?

ശ്രീ.എം. പി. ഗോവിന്ദൻ നായർ: ഇത്രയും കാര്യങ്ങളെപ്പറ്റി പെട്ടെന്നു മറുപടി പറയാൻ സാധിക്കുകയില്ല. എന്തായാലും ആകമാനം പരിശോധിച്ചതിൽനിന്നും അതിൽ ഡെറോൾ ഉണ്ടായിരുന്നുവെന്നു കാണുന്നില്ല.

ശ്രീ. ആർ. സുഗതൻ : ചില ആശുപത്രികളിൽ കുട്ടിലിന്റെ നമ്പർ തെറ്റി രോഗികൾക്കു് മരുന്നുമാറി കൊടുക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഈയിടെ ആലപ്പുഴ ആശുപത്രിയിൽ ഇത്തരം ഒരു സംഭവം ഉണ്ടായതായിട്ടറിയാമോ?

ശ്രീ.എം. പി. ഗോവിന്ദൻ നായർ: അങ്ങനെ കുട്ടിലിന്റെ നമ്പർ തെറ്റി മരുന്നുമാറി കൊടുത്തിട്ടുള്ളതായുള്ള ഒരു ആരോപണവും ഉണ്ടായിട്ടില്ല. ആലപ്പുഴ

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രിയിൽ എന്തെങ്കിലും സംഭവിച്ചാൽ പിറേദിവസംതന്നെ ശ്രീ. സുഗതൻ എഴുതി അറിയിക്കുന്നതാണു്. പിന്നെ ഇങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ അതു് അറിയിക്കാതിരുന്നതു് എന്തുകൊണ്ടാണു്?

ശ്രീമതി കെ. ആർ. സരസ്വതിഅമ്മ: ചൈൽഡ് വെൽഫെയർ സെൻററിൽ മീനെണ്ണയുടെ പകരം ഡെറോൾ കൊടുത്തുവെന്നുള്ളതിനെ സംബന്ധിച്ചു് ഈ സഭയിലെ മെമ്പറന്മാർ തന്നെ ഹെൽത്താഫീസറോടും ആർ. എം. ഓ. യോടും നേരിട്ടു സംസാരിച്ചിട്ടുണ്ടു്. അതിൽനിന്നും ഡെറോൾ കൊടുത്തിട്ടില്ലെന്നു് അവർ നിഷേധിച്ചിട്ടില്ല. അതുകൊണ്ടു് അതിനെപ്പററി ഉത്തരവാദപ്പെട്ട ബഹുമാനപ്പെട്ട മന്ത്രി അന്വേഷണം നടത്തി ആളുകൾക്കു് ഉണ്ടായിട്ടുള്ള പരിഭ്രമം മാറുന്നതിനാവശ്യമായ നടപടികളെടുക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഡെറോൾ കൊടുത്തോയെന്നു് ചോദിച്ചു കാണുകയില്ല.

ശ്രീമതി കെ. ആർ. സരസ്വതിഅമ്മ: ഡെറോൾ കൊടുത്തുവോയെന്നു ചോദിച്ചു. പക്ഷേ, നിഷേധിച്ചിട്ടില്ല. കഴുപ്പുമൊന്നുമില്ലെന്നാണു് ഞങ്ങൾക്കു കിട്ടിയ മറുപടി. അതിനെപ്പററി ബഹുമാനപ്പെട്ട മന്ത്രി അന്വേഷിച്ചിട്ടുണ്ടോ? (ഉത്തരമില്ല)

Adjournment Motions

Re: Inordinate rise in the price of rice and other essential food materials.

Mr. Speaker: I have received a notice under rule 49 from Shri S. Kumaran about the urgent situation caused by the inordinate rise in price of rice. This is a matter regarding which several questions have been put in the House and the Government have made the position clear. Therefore, I do not think there is any relevancy in allowing the hon. Member to move the motion and I withhold consent to the moving of the motion.

(ii) Re: the tense situation prevailing in Quilon as a result of the claims put forward by rival parties over the "Karbala Maidan".

I have also received notices of adjournment motions from Shri K. Krishna Pillai and Shri K. Hassan Gani, regarding the tense situation prevailing in Quilon in regard to the Karbala Maidan. Since it is a matter which was continuing there for a long time, there is no urgency attached to it.

Shri E. P. Gopalan: Now, the situation has changed.

Mr. Speaker: Order, order. I call upon the hon. Minister for Home Affairs to make a statement.

ശ്രീ. പി. ടി. ചാക്കോ: സർ, കർബലാ മൈതാനത്തെ സംബന്ധിച്ചു് പുതിയതായി ഒരു അടിയന്തിരസ്ഥിതിയും ഉണ്ടായിട്ടില്ല. ചിലയാളുകൾ കൊല്ലത്തുകൂടി ഘോഷയാത്ര നടത്തിയെന്നുള്ളതു് ശരിയാണു്. രണ്ടു വിഭാഗക്കാർ ഒരു ദിവസം ഘോഷയാത്ര നടത്താൻ തീരുമാനിച്ചുവെന്നുള്ളതും ശരിയാണു്. അങ്ങനെ ഘോഷയാത്ര നടത്തിയിരുന്നുവെങ്കിൽ ഒരുപക്ഷേ വല്ല സംഘട്ടനവും ഉണ്ടാകുമായിരുന്നു. അങ്ങനെ സംഭവിക്കാതിരിക്കുന്നതിനു് ഡിസ്ട്രിക്ററു് അധികാരികൾ ഇടപെട്ടു യാതൊരു സംഘട്ടനവും ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടിക്രമം സ്വീകരിക്കുകയുണ്ടായി. കർബലാ മൈതാനം ദീർഘകാലമായി കൊല്ലത്തെ മുസ്ലീങ്ങൾ അവരുടെ മതകാര്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചുകൊണ്ടിരുന്നു. അടുത്ത കാലത്തായി മതകാര്യങ്ങൾ ഒഴിച്ചു മറ്റു ചില സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ എടുക്കുകയുണ്ടായി. അതിൽ സ്റ്റാറസ്കൊ മെയിൻറയിൻ ചെയ്യാൻ ഉദ്യോഗസ്ഥന്മാർക്കു് ഗവ

LIBRARY ARCHIVES Kerala Legislative Assembly